(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റിൽ ഈ അന്തരമുണ്ടാകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇല്ല. കൂടിയും കുറഞ്ഞും വരാറുണ്ട്.

(ബി) മുകളിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി)

റവന്യൂ വരുമാനം

	ബഡ്ജറ്റ് എസ്റ്റിമേറ്റ് (പുതുക്കിയത്)	യഥാർത്ഥ വരുമാനം (രൂപ കോടിയിൽ)
1997-98	7628.99	7124.11
1998-99	8174.62	7200.59
1999-2000	8736.91	7941.75

റവന്യൂ ചെലവ്

	ബഡ്ജറ്റ് എസ്റ്റിമേറ്റ് (പുതുക്കിയത്)	യഥാർത്ഥ ചെലവ് (രൂപ കോടിയിൽ)
1997-98	9203.87	8241.12
1998-99	9778.65	9228.08
1999-2000	11218.24	11565.96

(ഡി) റവന്യൂ വരവിലുണ്ടായ കുറവും റവന്യൂ ചെലവിലുണ്ടായ വർദ്ധനവുമാണ് അന്തരമുണ്ടാവാനുള്ള കാരണം.

കാർഷിക ഉല്പന്നങ്ങൾക്ക് തറവില

9 (*217) ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച കാർഷിക നയത്തിൽ നിന്നും എന്തെല്ലാം മാറ്റങ്ങൾ ഈ സർക്കാർ കാർഷിക മേഖലയിൽ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കാർഷികോല്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് കണക്കിലെടുത്ത് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ തറവില നിശ്ചയിച്ചിരിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഏതൊല്ലമാണ്.

(ഇ) ഓരോന്നിന്റേയും തറവില എത്രയെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി എന്നുള്ളത് തന്നെയാണ് ഈ സർക്കാർ കാർഷിക മേഖലയിൽ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട കാര്യം. നെൽകൃഷി രംഗത്ത് രൂപീകരിച്ച പുതിയ വികസന ഏജൻസികൾ പാഡി ബോർഡ്, വിത്ത് വികസന അതോറിറ്റി ബഹുജന പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതി, സമഗ്ര പുഷ്പ കൃഷി വികസന പദ്ധതി, ഇൻഡ്യയിലെ തന്നെ ആദ്യത്തേത് എന്ന് വിശേഷിപ്പിക്കാവുന്ന കർഷകരക്ഷാ പദ്ധതി, ജൈവ സാങ്കേതിക രംഗത്തെ ബയോ കൺട്രോൾ ലാബും ടിഷ്യൂ കൾച്ചർ ലാബും കാർഷിക രംഗത്തെ നൂതന സംരംഭങ്ങൾ, വിളകൾക്കുവേണ്ടിയുള്ള പ്രത്യേക കാർഷിക വികസന പദ്ധതികൾ, ഹോർട്ടി തെറാപ്പി പദ്ധതി, കാഷ്യൂ വികസന കൗൺസിൽ, തുടങ്ങിയവയൊക്കെതന്നെ മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച കാർഷിക നയത്തിൽ നിന്നും മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിയ പദ്ധതികളാണ്.

(ബി) കാർഷിക വില നിർണ്ണയ കമ്മീഷന്റെ ശുപാർശയനുസരിച്ച് കേന്ദ്ര ഗവൺമെന്റാണ് കാർഷികോല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുന്നത്. ഈ തറവിലയ്ക്ക് സംഭരണം നടത്തേണ്ടത് നാഫെഡ് തുടങ്ങിയ കേന്ദ്ര സംഭരണ ഏജൻസികളാണ്. കേരളത്തിൽ വൈവിധ്യമാർന്ന കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും കൊപ്രയ്ക്കും നെല്ലിനും മാത്രമേ താങ്ങു വില ബാധകമായി വരുന്നുള്ളു. റബ്ബർ തുടങ്ങിയ മറ്റുല്പന്നങ്ങൾക്കും താങ്ങുവില പ്രഖ്യാപിക്കണമെന്ന ആവശ്യം നാം ഉന്നയിച്ചിട്ടുണ്ട്. നെല്ലിന്റെ കാര്യത്തിൽ വില പ്രഖ്യാപിച്ച് സംഭരണം നടത്തുന്നുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി & ഇ) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

മദ്യവർജ്ജന പ്രചാരണം

10 (*218) ശ്രീ. കെ. എം. മാണി ;
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളു വില്പനയ്ക്കു വേണ്ടി നിലവിലുള്ള സംവിധാനത്തിനു പകരമായി എന്തെങ്കിലും പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

2-3-2001-ലെ 9 (*217)-ാം നമ്പർ ചോദ്യം കാണുക

(1996-2000 വർഷത്തിലെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലകൾ)

	കാർഷിക ഉല്പന്നം	താങ്ങുവില	കിന്റലിന്
1.	നെല്ല്	490	520
2.	ഗോതമ്പ്	550	
3.	മറ്റുധാന്യങ്ങൾ	415	
4.	ചോളം	415	
5.	ബാർളി	385	
6.	പരിപ്പ്	895	
7.	തൂർ	1105	
8.	മൂഗ്	1105	
9.	ഉഴുന്ന്	1105	
10.	കടുക്	1000	
11.	സാഫ്ളൗവർ	990	
12.	തോറിയ	995	
13.	കടല	1155	
14.	സൂര്യകാന്തിക്കുരു	1155	
15.	സോയാബീൻ	756	845
16.	എള്ള്	1205	
17.	നൈഗർ	915	
18.	പരുത്തി	1575	റ്റു 1775
19.	ചണം	650	(1998-99)
20.	കരിമ്പ്	52.7	(1998-99)
21.	കൊപ്ര	3250-3500	(2000-2001)
22.	പുകയില	250-270	

LIBRARY ARCHIVES Kerala Legislative Assembly